## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:7445** | **14.07.2014- ൽ മറുപടിനൽകേണ്ടിയിരുന്നത്**

### കൃഷി അസിസ്റ്റന്റുമാർക്ക് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര തസ്തികകളാണ് ഇതുവഴി നികത്തുന്നത്; പ്രസ്തുത നിയമനത്തിന് പി.എസ്.സി. അവസാനമായി പരീക്ഷ നടത്തിയതെപ്പോൾ; എത്ര പേർ പരീക്ഷ എഴുതി; എത്ര പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; | (എ) കൃഷി വകുപ്പിൽ 85% കൃഷി ഓഫീസർമാരെ പി.എസ്.സി. മുഖേന നേരിട്ടും 13% പേരെ കൃഷി അസിസ്റ്റന്റുമാരിൽ 10 വർഷം സേവനം പൂർത്തിയാക്കിയവർക്ക് പി,എസ്.സി. നടത്തുന്ന യോഗ്യത പരീക്ഷ പാസ്സായവരിൽ നിന്നു തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയും നിയമിക്കുന്നു. ബാക്കി 2% പേരെ കൃഷി അസിസ്റ്റന്റുമാരിൽ ബി.എസ്.സി. (കൃഷി) ബിരുദമുള്ളവരും മൂന്നുവർഷം സേവനദൈർഘ്യമുള്ളവരുമായവരിൽ നിന്നും സീനിയോരിട്ടി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി തസ്തികമാറ്റം വഴി നിയമിക്കുന്നു. 13% ക്വാട്ടയിൽ നിയമനം നൽകുന്നതിനുള്ള യോഗ്യതാ പരീക്ഷ പി.എസ്.സി. അവസാനമായി നടത്തിയത് 19.1.2013-ന് ആണ്. 764 പേരാണ് പരീക്ഷ എഴുതിയത്. ഇവരിൽ 83 പേരാണ് അർഹതാ നിർണ്ണയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ പല തവണ പി.എസ്.സി. മാറ്റിയത് മൂലം റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ കുറയാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) ഇപ്രകാരം സംഭവിച്ചതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ